LIBRARY ARCHIVES Kerala Legislative Assembly

വിതരണത്തിനായി നാല് ലക്ഷത്തോളം വിവിധയിനം തൈകൾ ടി ഫാമിൽ ഉത്പാദിപ്പിക്കുന്നു. കൂടാതെ ശീതകാല പച്ചക്കറി കൃഷിയിലൂടെ ലഭിക്കുന്ന ബ്രോക്കോളി, കോളിഫ്ലവർ, ബീറ്റ്റൂട്ട്, കാരറ്റ് എന്നിവയും ഫാം സെയിൽസ് കൗണ്ടർ മുഖേന വിൽപ്പന നടത്തുന്നു. ടൂറിസ്റ്റുകൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും കർഷകർക്കും ഫാമിലെ കൃഷിരീതിയെക്കുറിച്ച് ക്ലാസും നൽകുന്നുണ്ട്.

കൂട്ടനാട്ടിലെ പടശേഖരങ്ങളിൽ ട്രാക്ടർ റോഡ് നിർമ്മാണം

72(1057) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടനാട്ടിലെ എല്ലാ പാടശേഖരങ്ങളുടെയും പുറംബണ്ടിലൂടെ ട്രാക്ടർ റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) കൃഷിക്കാവശ്യമായ ഉപകരണങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിനും നെല്ല് സംഭരിക്കുന്നതിനും മറ്റും അത്യന്താപേക്ഷിതമായ ട്രാക്ടർ റോഡുകൾ നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുകയോ അല്ലെങ്കിൽ രണ്ടാം കൂട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തുന്നതിനോ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പാടശേഖരങ്ങളിൽ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും എത്തിക്കുന്നതിന് എല്ലാ പാടശേഖരങ്ങളുടെയും പുറംബണ്ടിലൂടെ ട്രാക്ടർ റോഡ് നിർമ്മിക്കേണ്ട ആവശ്യമില്ല. പാടശേഖരത്തിലൂടെ റോഡുകൾ പണിയുന്നത് സുഗമമായ ജലനിർഗ്ഗമനത്തിനെയും ജലസേചനത്തെയും ബാധിക്കുകയും നെൽകൃഷി നശിച്ചുപോവാനും സാദ്ധ്യതയുണ്ട്.

കൂട്ടനാട് കുടിവെള്ള പദ്ധതി

73(1058) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടനാട് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം എന്ന് സാധിക്കുമെന്നാണ് കരുതുന്നത്; ഇതിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിക്ക് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 28-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതിയിൻ കീഴിൽ നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽനിന്നും മാമ്പുഴക്കരി വരെയുള്ള 800 എം.എം എച്ച്.ഡി.പി.ഇ. പൈപ്പ്ലൈൻ കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലം പമ്പ് ചെയ്യുന്നുണ്ട്. പള്ളിക്കുട്ടുമ്മ മുതൽ കാവാലം വരെയും 315, 225 എം.എം. പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 500, 200 എം.എം. എച്ച്.ഡി.പി.ഇ. ലൈൻ കിടങ്ങറയിൽനിന്നും നീലംപേരൂർ വരെയും എടത്വായിൽനിന്ന് 355, 200 എം.എം. വീയപുരം വരെയും സ്ഥാപിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും ഭരണാനുമതി നൽകിയ കുട്ടനാട് പ്രോജക്ടിന്റെ ശുദ്ധീകരണ ശാലയും ട്രാൻസ്മിഷൻ ലൈനും പൂർത്തിയായാൽ മാത്രമെ ഈ ലൈനുകളിലേയ്ക്ക് പമ്പ് ചെയ്യാൻ ആവശ്യമായ ശുദ്ധജലം ലഭിക്കുകയുള്ളൂ. 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി തകഴിയിൽ നിർമ്മിക്കുകയും തകഴി 62 എം.എൽ.ഡി. ശുദ്ധീകരണശാലയിൽ പമ്പ് ഹൗസ് നിർമ്മിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ച് നിലവിൽ തകഴിയിലുള്ള വിതരണ ശൃംഖലയുമായി ഘടിപ്പിക്കുകയും ചെയ്തു. ആറ് പഞ്ചായത്തുകളിലായി വിതരണ ശൃംഖലയിൽ 46 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതിൽ 36 കി.മീ. സ്ഥാപിക്കുകയും സ്ഥാപിച്ച ലൈനുകളുടെ ട്രയൽ റണ്ണിംഗും കമ്മീഷനിംഗ് പ്രവൃത്തികളും നടന്നുവരികയും ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലും തകഴി റെയിൽവേ ക്രോസ്സിംഗ് ആവശ്യമുള്ളിടത്തും ജോയിന്റ് ഇൻസ്പെക്ഷൻ പൂർത്തിയാക്കി അനുമതി ലഭിക്കുന്ന മുറയ്ക്ക് പൈപ്പ്ലൈനുകൾ സ്ഥാപിച്ച് കമ്മീഷനിംഗ് പൂർത്തിയാക്കാവുന്നതാണ്. കൂടാതെ കുട്ടനാട്ടിലെ ശുദ്ധജല ക്ഷാമത്തിന് ശാശ്വതപരിഹാരമായി കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25-6-2019-ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പാ നദി സ്രോതസ്സായുള്ള ഈ പദ്ധതിക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജല സംഭരണികളും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായുള്ളത്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെൻറ് സ്ഥലവും ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും 2021 ഡിസംബർ മാസത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയത് ലഭ്യമായാൽ 2023 ഡിസംബർ മാസത്തോടെ പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇതിനായി കഴിഞ്ഞ അഞ്ച് വർഷം എത്ര തുകയാണ് മാറ്റിവച്ചിരുന്നത്; അതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 28-12-2013-ൽ ഭരണാനുമതി നൽകിയ 70 കോടി രൂപയിൽ നാളിതുവരെ 56.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട് കുടിവെള്ള പദ്ധതിക്ക് കിഫ്ബി മുഖേന ഭരണാനുമതി നൽകിയ 289.54 കോടി രൂപയിൽ 81,250 രൂപ സ്ഥലമേറ്റെടുക്കുന്നതിനായി ചെലവഴിച്ചു.

രണ്ടാം കുട്ടനാട് പാക്കേജ്

74(1059) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിൽ കൃഷിമേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഒന്നാം കുട്ടനാട് പാക്കേജിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രളയത്തിന്റെ ആഘാതത്തിൽനിന്നുമുള്ള പാഠങ്ങൾ ഉൾക്കൊണ്ട് രണ്ടാം കുട്ടനാട് പാക്കേജ് സർക്കാർ നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി 2020-21 വർഷത്തിൽ 20 കോടി രൂപയും 2021-22 വർഷത്തിൽ 13.5 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ കുട്ടനാട് വികസനത്തിനായി കാർഷിക മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.